**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **04-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്ത്രീധന നിരോധന നിയമപ്രകാരം ചുമത്താൻ കഴിയുന്ന കുറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നത് 1961-ലെ സ്ത്രീധന നിരോധന നിയമം, വകുപ്പ് 3 പ്രകാരം 5 വർഷത്തിൽ കുറയാത്ത തടവും 15,000/- രൂപയോ സ്ത്രീധനത്തിനു സമാനമായ തുകയോ പിഴശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. നേരിട്ടോ അല്ലാതെയോ സ്ത്രീധനം ആവശ്യപ്പെട്ടാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 4 പ്രകാരം 6 മാസം മുതൽ 2വർഷം വരെ തടവും 10,000/- രൂപ പിഴശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. 1961-ലെ സ്ത്രീധന നിരോധന നിയമം 4എ പ്രകാരം വിവാഹ പാരിതോഷികത്തെപ്പറ്റിയുള്ള പരസ്യം നൽകിയാൽ 6 മാസം മുതൽ 5 വർഷം വരെ തടവും 15,000/- രൂപ പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി എല്ലാ ജില്ലാകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സമീപ കാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

സംസ്ഥാനത്തെ ഐ. സി. ഡി. എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ

പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender Relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗീക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകി.

സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങൾ നേരിടാൻ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>വനിതാ സംരക്ഷണ ഓഫീസ്</u>

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽറ്റർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ ഷെൽറ്റർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

2. <u>നിർഭയ</u>

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസി നടപ്പിലാക്കുന്നു. 18 ഷെൽറ്റർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

3. <u>കാതോർത്ത്</u>

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസെലിംഗ്, നിയമോപദേശം, പൊലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിലിരുന്നു കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

4. <u>രക്ഷാദൂത്</u>

ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ-ശിശുവികസന വകുപ്പും ചേർന്ന് സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടികൾക്കോ അവരുടെ പ്രതിനിധികൾക്കോ പരാതി സമർപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ കഴിയും. അക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി 'തപാൽ' എന്ന കോഡ് പറഞ്ഞാൽ പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടു കൂടി പേപ്പറിൽ സ്വന്തം മേൽ വിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീക്കോ കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ളപ്പേപ്പറിൽ പൂർണമായ മേൽ വിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് തപാൽ എന്നെഴുതി നിക്ഷേപിക്കാവുന്നതാണ്. സ്റ്റാമ്പ് ഒട്ടിക്കാവുന്നതാണ്.

5. <u>വാട്ട്സാപ് ഹെൽപ് ലൈൻ നം. 9400080292 ൽ</u>

പരാതികൾ മേൽ വാട്ട്സാപ് നമ്പറിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികളാണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ ഒരാഴ്ചയ്ക്കകം നടപടി സ്വീകരിക്കുകയും

കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണെങ്കിൽ ശിശുസംരക്ഷണ ഓഫീസർ അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറിനുള്ളിലോ നടപടികൾ സ്വീകരിക്കുന്നതാണ്.

6. <u>181 മിത്ര ഹെൽപ് ലൈൻ</u>

സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് പരാതിപ്പെടാം. കൗൺസെലിംഗ് സഹായം ലഭ്യമാണ്.

7. <u>വൺ സ്റ്റോപ് സെന്റർ</u>

ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺ സ്റ്റോപ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വൈദ്യ സഹായം, കൗൺസെലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാണ്. ഇതു കൂടാതെ അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ സ്വാധാർഗ്രഹ്, ഉജ്ജ്വല പദ്ധതികൾ വഴി നടപ്പിലാക്കുന്ന ഷെൽറ്റർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്.